**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം. 289** **21.12.2012 ൽ മറുപടിയ്ക്ക്**

## സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. കെ. ശിവദാസൻ നായർ**<br>**ശ്രീ. കെ. മുരളീധരൻ**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. ജോസഫ് വാഴക്കൻ** | **ഡോ: എം. കെ. മുനീർ**<br>**(ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)** |
| എ) തദ്ദേശ സ്ഥാപനങ്ങൾ വഴിയുള്ള സേവനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സുപ്രധാന ദൈനംദിന പ്രവർത്തനങ്ങളായ ജനന-മരണ-വിവാഹ രജിസ്ട്രേഷൻ, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, വസ്തു നികുതി, ഫയൽ വിവരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ഈ ആവശ്യത്തിലേക്ക് 16 ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകൾ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചിട്ടുണ്ട്. |
| ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഇൻഫർമേഷൻ കേരള മിഷന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ ഐ.ടി യൂണിറ്റുകൾ എന്നിവയുടെ സഹായത്തോടെ നിർവ്വഹിക്കുന്നു. |
| സി) എന്തെല്ലാം സേവനങ്ങളാണ് ഡിജിറ്റൈസ് ചെയ്യുന്നതു വഴി ജനങ്ങൾക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ? | സി) ജനന-മരണ സർട്ടിഫിക്കറ്റുകൾ വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എടുക്കുന്നതിനും പൊതു വിവാഹ രജിസ്ട്രേഷനുകൾക്ക് അപേക്ഷ ഇ-ഫയലിംഗായി നൽകുന്നതിനും, വസ്തു നികുതി ഇ-പേയ് മെന്റായും പോസ്റ്റ് ഓഫീസ് വഴിയും |

അടക്കുന്നതിനും പഞ്ചായത്താഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ തൽസ്ഥിതി SMS ലൂടെയും വെബ് സൈറ്റിലൂടെയും അറിയുന്നതിനും കെട്ടിട നിർമ്മാണത്തിനുള്ള അനുമതി അപേക്ഷകൾ ഓൺലൈനായി നൽകുന്നതിനും പദ്ധതി നിർവ്വഹണ വിവരങ്ങൾ വെബ് സൈറ്റിലൂടെ അറിയുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇ-മണിയോർഡർ ആയി ലഭിക്കുന്നതിനും ജനങ്ങൾക്ക് സാധിക്കുന്നു.

സെക്ഷൻ ഓഫീസർ